"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് -കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് ( കെ.എസ്.എഫ്.ഇ) -കോവിഡ് 19 - മാറ്റിവച്ച ചിട്ടി ലേലം/ നറുക്കെടുപ്പ്- പുനരാരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.**298/2020**/നി.വ തീയതി,തിരുവനന്തപുരം, 06/05/2020

പരാമർശം:- മാനേജിംഗ് ഡയറക്ടർ(i/c),കെ.എസ്.എഫ്.ഇ- യുടെ 30.04.2020 തീയതിയിലെ 12425 നമ്പർ കത്ത്.

ഉത്തരവ്

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ലോക് ഡൗൺ പ്രഖ്യാപിച്ചതിനാൽ പത്തനംതിട്ട ജില്ലയിൽ 2020 മാർച്ച് 13 മുതലും മറ്റ ജില്ലകളിൽ 2020 മാർച്ച് 21 മുതലുമുള്ള കെ.എസ്.എഫ്.ഇ -യുടെ ചിട്ടി ലേലങ്ങൾ അനിശ്ചിതമായി മാറ്റി വയ്ക്കുകയും ചിട്ടി ലേല മിനിറ്റ്സ്, ബാലൻസ് ഷീറ്റ് എന്നിവ ഫയൽ ചെയ്യാൻ കഴിയാതെ വരികയുമുണ്ടായി. സംസ്ഥാനത്തെ നിലവിലെ സാഹചര്യത്തിൽ 2020 മെയ് മാസം 21ാം തീയതി മുതലേ ചിട്ടി ലേലം പുനരാരംഭിക്കാൻ കഴിയൂ എന്നും ആയതിനാൽ മേൽ പറഞ്ഞ ചിട്ടികളുടെ ലേലം പുനക്രമീകരിക്കുന്നതിനും ടി ലേലങ്ങൾ 2 മാസത്തേയ്ക്ക് മാറ്റി വച്ച് ആയത് പ്രസ്തുത ചിട്ടികളുടെ അവസാനം, ലേലം 2 മാസം അധികരിക്കുന്ന വിധത്തിൽ കണക്കാക്കി നിർവ്വഹിക്കുന്നതിനും 2020 മെയ് 21 മുതൽ സാധാരണ പോലെ ചിട്ടി ലേലം നടത്തുന്നതിനും മിനിറ്റ്സുകൾ ഫയൽ ചെയ്യുന്നതിനും 2020 മാർച്ച് 13 മുതലുള്ള മിനിറ്റ്സുകൾ, ബാലൻസ് ഷീറ്റുകൾ എന്നിവ 2020 മെയ് 21-ന ശേഷം ഫയൽ ചെയ്യുന്നതിന് അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം മാനേജിംഗ് ഡയറക്ടർ (i/c) സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിൽ 2020 മാർച്ച് 13 മുതലും മറ്റ ജില്ലകളിൽ 2020 മാർച്ച് 21 മുതലുമുള്ള ചിട്ടി ലേലങ്ങൾ 2 മാസത്തേയ്ക്ക് മാറ്റി വച്ച് ആയത് പ്രസ്തുത ചിട്ടികളുടെ അവസാനം, ലേലം 2 മാസം അധികരിക്കുന്ന വിധത്തിൽ കണക്കാക്കി നിർവ്വഹിക്കുന്നതിനും, 2020 മെയ് 21 മുതൽ സാധാരണ പോലെ ചിട്ടി ലേലം നടത്തുന്നതിനും മിനിറ്റ്സുകൾ ഫയൽ ചെയ്യുന്നതിനും, 2020 മാർച്ച് 13 മുതലുള്ള മിനിറ്റ്സുകൾ, ബാലൻസ് ഷീറ്റുകൾ എന്നിവ 2020 മെയ് 21 തീയതിക്കു ശേഷം ഫയൽ ചെയ്യുന്നതിനും കെ.എസ്.എഫ്.ഇ ക്കു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ രാജഗോപാൽ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ് :

മാനേജിംഗ് ഡയറക്ടർ (i/c), കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്, തൃശ്ശൂർ.

ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.